**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **30-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മാവേലിക്കര പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പോലീസ് ക്വാർട്ടേഴ്സ് ശോചനീയാവസ്ഥയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര പോലീസ് സ്റ്റേഷനിൽ ആകെ 47 പോലീസ് ക്വാർട്ടേഴ്സുകൾ ആണുള്ളത്. അതിൽ 10 ക്വാർട്ടേഴ്സുകളിൽ നിലവിൽ താമസം ഉണ്ട്. ബാക്കിയുള്ളവ വാസയോഗ്യമല്ല. നിലവിൽ താമസമുള്ള ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് ആധുനിക നിലവാരത്തിലുള്ള പോലീസ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലത്ത് പോലീസ് ക്വാർട്ടേഴ്സിനായി ആധുനിക നിലവാരത്തിലുള്ള ബഹുനില മന്ദിരം നിർമ്മിക്കുന്നത് പരിഗണിക്കുമോ; ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ